● അനുഭവം

# നിലാവിൽ കുളിച്ച്

ലിമ, ഡോ. രാംദാസ്

പൗർണ്ണമിയെ പൂർണ്ണമായി നുകരാനുള്ള വെമ്പലുണ്ടായത് നിലാവിന്റെ "സ്നേഹവും" "സുഖവും" മുൻപേ അറിയാവുന്നതുകൊണ്ടായിരുന്നു. മൂർക്കാട്ട് പാറയിലെ നിലാവിനെ അറിയാൻ തീരുമാനിച്ചത് ജോലി കഴിഞ്ഞ് സ്ഥലത്തെത്താൻ വിഷമമില്ലാത്തത്കൊണ്ടും, പരിസ്ഥിതി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന ഒരു കൂട്ടം പ്രകൃതി സ്നേഹികളെ നേരിൽ കാണുവാനും അവരുമായി സൗഹൃദമുണ്ടാക്കുവാനും സാധിക്കുമെന്നുള്ള ആഗ്രഹം കൊണ്ടുമായിരുന്നു.

05-04-04 മൂർക്കാട്ട് പാറയിൽ ഞങ്ങൾ എത്തുമ്പോൾ 7 മണി കഴിഞ്ഞിരുന്നു. രാത്രി, പകലിന്റെ ചൂടിനെ തണുപ്പിക്കുവാൻ തുടങ്ങിയിരുന്നു. കോൾപാടത്തിന്റെ കരയിൽ തറപോലെ വിരിച്ചിട്ട പാറകളിൽ അങ്ങിങ്ങായി കൂട്ടിയിരിക്കുന്ന കറ്റകൾ. പാറയിലെ ചൂട് കൂട്ടിയിട്ടിരിക്കുന്ന കറ്റകൾക്കിടയിലൂടെ ആവിയായി, നെല്ലിന്റെ - സമൃദ്ധിയുടെ മണമായി പുറത്തേക്ക് വന്നുകൊണ്ടിരിക്കുന്നത് സുഖകരമായ ഒരു അനുഭവം തന്നെയായിരുന്നു. തണൽ മരങ്ങളായി ഉണ്ടായിരുന്ന തറ കെട്ടിയ ആൽമരങ്ങൾ പാറക്ക് ഒരു അദ്ധ്യാത്മിക ചൈതന്യം കൊടുത്തിരുന്നു.

ഞങ്ങളവിടെ എത്തിയത് ശരിയായ സമയങ്ങൾ തന്നെയായിരുന്നു. ചന്ദ്രൻ കിഴക്ക് ഭാഗത്ത് ഉദിക്കാനുള്ള തയ്യാറെടുപ്പ് തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളൂ. വലിയ പ്രതീക്ഷകളൊന്നും ഇല്ലായിരുന്നുവെങ്കിലും - എന്താണീ നിലാവറിയൽ, ആരാണിതിന്റെ വക്താക്കൾ, ആരാണിതിന്റെ ഉപഭോക്താക്കൾ എന്നെല്ലാം അറിയാനുള്ള ആകാംക്ഷ ഉണ്ടായിരുന്നു.

അതിഥികളോ ആതിഥേയരോ സംഘാടകരോ ഇല്ലാത്ത ഈ കൂട്ടായ്മ ആരംഭിച്ചത് ഓരോരുത്തരുടേയും സ്വയം പരിചയപ്പെടുത്തലോടെയാണ്. അതുകഴിഞ്ഞത് രാത്രിയുടെ നിശബ്ദതയെ ഭജിച്ചു, എന്നാൽ മുറിപ്പെടുത്താതെ കൂട്ടുകാർ പാടിയ നാടോടി ശീലുകളും, കവിതകളും നിലാവറിയലിനെ കൂടുതൽ മനോഹരമാക്കിയെന്ന് വേണം പറയാൻ... കാർമേഘം ഉരുണ്ടുകൂടിയിരുന്നുവെങ്കിലും പൗർണ്ണമീചന്ദ്രൻ ഇടയ്ക്കിടക്ക് ഞങ്ങളെ നോക്കിക്കൊണ്ടിരുന്നു. ജീവിതത്തിന് വലിയ ചട്ടക്കൂടുകളുടെ ആവശ്യമില്ലെന്ന്, പറയാതെ കാണിച്ചുതന്ന സ്കൂൾ ഓഫ്



ഡ്രാമയിലെ സുർജ്ജിത്തും ദിവ്യയും അവരുടെ മക്കളും, ആസ്ത്രേലിയൻ ആദിവാസികളുടെ വാദ്യോപകരണം നമ്മുടെ മുളകൊണ്ടുണ്ടാക്കി, അത് വായിച്ച സന്ദീപ്, തുകൽ വാദ്യങ്ങളുടെ ജുഗൽബന്ദി അങ്ങിനെ പലതും ഈ കൂട്ടായ്മക്ക് മാറ്റ് കൂട്ടി.

ആദ്യമായി കാണുന്നവരെങ്കിലും ജന്മങ്ങളായി പരിചയമുള്ളവരെന്ന് ദ്യോതിപ്പിക്കുംവിധം ബന്ധങ്ങളെ ദൃഢതരമാക്കുന്ന അനിൽ, പിന്നെ അഭി-കവിതകളുടെ ചുറുചുറുക്കിൽ എല്ലാവരേയും പ്രണയിക്കാൻ ആഗ്രഹിക്കുന്നവൻ, നിശബ്ദമായി തന്റെ സാന്നിദ്ധ്യം അറിയിച്ചിരുന്നവരേറെ. പിന്നെ പ്രമോദ്, സേതു, ഉണ്ണി തുടങ്ങി മനസ്സിൽ കടന്നുവരുന്ന നിരവധി മുഖങ്ങൾ....

പഴമയുടെ ഓർമ്മയുണർത്തും വിധം എല്ലാവരും ചേർന്ന് ആസ്വദിച്ച കഞ്ഞിയും, മുതിരയും ചമ്മന്തിയും. പ്ലാവിലക്കുമ്പിൾ കൊണ്ട് കഞ്ഞികുടിച്ചുകൊണ്ടിരിക്കുമ്പോഴാണ് കൂട്ടായ്മയുടെ അർത്ഥം ശരിയ്ക്കറിഞ്ഞത്.

രാത്രിയുടെ അവസാന യാമങ്ങളിൽ എല്ലാവരും കൂടിനിന്ന് അനുഭവിച്ച മഴ നിലാവിനെ അറിയുക എന്നതിനൊരു ബോണസ്സ് സമ്മാനവുമായി.

തിരക്കുപിടിച്ച യാന്ത്രീക ജീവിതത്തിനിടയിൽ പ്രകൃതിയേയും ജീവജാലങ്ങളേയും അറിയാനും സ്നേഹിക്കാനും, വേണ്ടിയുള്ള ഒരുകൂട്ടം മനുഷ്യർ ഇനിയും ഉണ്ടെന്ന തിരിച്ചറിവായിരുന്നു നിലാവറിയലിലൂടെ ഞങ്ങൾക്ക് കിട്ടിയ വിഷുക്കൈനീട്ടം.

*(നിലാവ് കൂട്ടായ്മ, ഏപ്രിൽ 5 ന് പുറനാട്ടുകരയ്ക്കടുത്ത പാടത്ത് നിലാവിൽ ഒത്തുകൂടിയിരുന്നു. താല്പര്യമുള്ളവർ ബന്ധപ്പെടുക. നിലാവ് C/o. പി.ബി. 100, തൃശൂർ-1)*

● കവിത

# ഉറങ്ങിയുണർന്ന്

എസ്. ശാന്തി

ഇംഗ്ലീഷിൽ നിന്ന് വിവ: സച്ചിദാനന്ദൻ പുഴങ്കര

ബ്രഹ്മഗിരിക്കുമേൽ
പൂർണ്ണചന്ദ്രൻ
മഞ്ഞത്തുറങ്ങുക-
യായിരുന്നു,
പച്ചനനച്ച
നനുത്ത നീലം
അത്രയ്ക്കതീന്ദ്രിയ-
മായിരുന്നു
ഞെട്ടറ്റപോലെ
നിലാവെളിച്ചം
ഇറ്റിറ്റുവീഴുകയായിരുന്നു,
കുന്നത്തെയമ്പല-
ച്ചുറ്റിനുള്ളിൽ
അന്നത്തെപ്പൂജ
കഴിഞ്ഞിരുന്നു,
അന്നും വലന്തല-
ച്ചെണ്ടവട്ടം
മുമ്പേ മുഴക്കത്തി-
ലായിരുന്നു,
ഇണരേൽ പെയ്യുന്ന
മരങ്ങൾ മാത്രം
പൂണ്ടു നിശ്ശബ്ദ വിശുദ്ധമൗനം.
വട്ടം കറങ്ങി-
ത്തളർന്നപോലെ
ചിറ്റുപാവാട-
യുലഞ്ഞപോലെ
മിണ്ടാത്ത കുട്ടിയെ-
പ്പോലെയെന്റെ
ചുണ്ടത്തു കണ്ണീരു
വീണിരുന്നു.
ദുഃഖമില്ലാതെ ഞാൻ
ശാന്തമായി
ഒറ്റയ്ക്കുറങ്ങീ അഭൗമയായി
പെട്ടെന്നു നേരം
വെളുത്തപോലെ
(പക്ഷികൾ പാടിയ-
തായിരിക്കാം)
കാറ്റത്തു കുട്ടി-
ത്തെറുത്തമാനം
കാട്ടുമേലാപ്പിൽ
വരച്ചപോലെ,
തെക്കുകിഴക്കേ
മുടിക്കു താഴെ
പൊട്ടനുദിച്ചു
പുഴയ്ക്കുമേലേ,
മട്ടയിറങ്ങി-
ക്കരയ്ക്കലെത്തും
കുട്ടിക്കുണക്കരെപ്പച്ച ദൂരെ